പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2971 07.12.2018-ൽ മറുപടിക്ക്

## അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. പി.കെ. ശശി<br>ശ്രീ. എൻ. വിജയൻ പിള്ള | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി, കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് റിട്ടയർമെന്റ് ആനുകൂല്യം, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം, വിവാഹധനസഹായം, മരണാനന്തര സഹായം, അപകടാനുകൂല്യം എന്നിവ അർഹതയ്ക്കനുസരിച്ച് ലഭിക്കുന്നു. |
| (ബി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കായി നടപ്പാക്കി വരുന്ന വേതനസുരക്ഷാ പദ്ധതിയുടെ വിശദാംശം നൽകുമോ; ഈ പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ, ടെക്സ്റ്റൈൽ ഷോപ്പുകൾ, ജൂവലറികൾ, സ്വകാര്യ ആശുപത്രികൾ, ഐ.ടി.സെക്ടർ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നിർമ്മാണ മേഖല എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് ബാങ്കുവഴി വേതനം നല്കുന്നതുവഴി വേതനസുരക്ഷ ഉറപ്പാക്കുന്നതാണ് വേതനസുരക്ഷാ പദ്ധതി. ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന ഐഡി, പാസ് വേർഡ് എന്നിവ വഴി സിസ്റ്റത്തിൽ പ്രവേശിച്ച് ഓൺലൈനായി തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് വേതനം ലഭ്യമാക്കാവുന്നതാണ്. തൊഴിലാളികൾക്ക് വേതനം കൃത്യമായി ലഭിയ്ക്കുന്നുണ്ടോയെന്ന് ഇൻസ്പെക്ടർമാർക്ക് പരിശോധന നടത്താവുന്നതാണ്. ഈ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ മേഖലയിൽ ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് നൽകി വരുന്ന പ്രസവാനുകൂല്യമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (സി) | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതിയിൽ ഒരു വർഷം തുടർച്ചയായി അംശദായം അടച്ച വനിതാ അംഗത്തിന് പ്രസവധനസഹായമായി 15,000/- രൂപ വരെ ലഭിക്കുന്നതാണ്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിനും പദ്ധതിയിലെ വനിതാ അംഗങ്ങളുടെ വിവാഹത്തിനും വിവാഹധനസഹായമായി 10,000/- രൂപ പദ്ധതിയിൽ നിന്നും ലഭിക്കുന്നതാണ്. ഇതിനു പുറമേ പൊതുവായ മറ്റ് ആനുകൂല്യങ്ങൾക്കും ഇവർക്ക് അർഹതയുണ്ട്. |
| (ഡി) | അസംഘടിത മേഖലയിലെ വിരമിച്ച തൊഴിലാളികൾക്കായി പെൻഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതിയിൽ നിന്നും വിരമിക്കുന്ന തൊഴിലാളികൾക്ക് അർഹതയ്ക്കനുസരിച്ച് വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ എന്നിവയും വിരമിയ്ക്കുന്നതിന് മുമ്പ് ശാരീരിക അവശത നേരിടുന്നവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവശതാ പെൻഷനും നല്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ